പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4287 24/10/2016 -ൽ മറുപടിക്ക്

## സാംക്രമികേതര രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സമഗ്ര പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ<br>ശ്രീ.എസ്.രാജേന്ദ്രൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| എ) | സംസ്ഥാനത്ത് സാംക്രമികേതര രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സമഗ്ര പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് സാംക്രമികേതര രോഗങ്ങളായ ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ അമൃതം ആരോഗ്യം പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയോടൊപ്പം കേന്ദ്രാവിഷ്കൃത ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയായ എൻ.പി.സി.ഡി.സി.എസ് സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രവർത്തനക്ഷമമാണ്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) | 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലി രോഗങ്ങൾക്കായി സ്ക്രീനിംങ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും സൗജന്യ മരുന്ന് വിതരണവും നടത്തുക. ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരികളിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | വിമുക്തി തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ആരോഗ്യ ബോധവൽക്കരണം നടത്തുക, ജീവിതശൈലി രോഗ നിയന്ത്രണ-ത്തിനായി ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യം. |
| സി) | എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം നടപ്പാക്കാനു-ദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | സി) | സംസ്ഥാനത്തെ എല്ലാ സാമൂഹ്യരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്ര-ങ്ങളിലും ജില്ലാ താലൂക്ക് ആശുപത്രികളിലും ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ ആരംഭിക്കുകയും ആവശ്യമായ ഉപകരണങ്ങളും മരുന്നും പരിശീലനവും ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലയിലേയും ഒരു പ്രധാന ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സ ഉറപ്പാക്കുന്ന ജില്ലാ ക്യാൻസർ കെയർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഹൃദ്രോഗ ചികിത്സയ്ക്കായി കൊറോണറി കെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തുകയും 5 ജില്ലാ ആശുപത്രികളിൽ പുതിയ യൂണിറ്റ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷാ-ഘാത ചികിത്സാ ക്ലിനിക്കുകൾ ആരംഭി-ക്കുകയും ഡോക്ടർമാർക്ക് പക്ഷാഘാത ചികിത്സാ പരിശീലനം നൽകുകയും ചെയ്തു. തൊഴിലിടങ്ങളിലും സ്കൂളുകളിലും ജീവിതശൈലി രോഗ നിയന്ത്രണ-ത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിദൂരപ്രദേശങ്ങളിൽ പ്രവർത്തിക്കുവാനായി സഞ്ചരിക്കുന്ന ജീവിതശൈലി ക്ലിനിക്കുകളും |

| | | | |
|---|---|---|---|
| | | | റെറ്റിനോപതി ക്ലിനിക്കുകളും ഡയബറ്റിക ഫൂഡ് ക്ലിനിക്കുകളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | പ്രധാന സാംക്രമികേതര രോഗങ്ങ-ളായ ക്യാൻസർ, ഡയബറ്റിസ്, കാർഡിയോ വാസ്കുലർ രോഗങ്ങൾ, സ്ട്രോക്ക് മുതലായവയുടെ നിയന്ത്രണ പരിപാടികൾക്ക് പ്രസ്തുത പദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടുണ്ടോ? | ഡി) | ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയിൽ പ്രധാനമായും ശ്രദ്ധ ചെലുത്തിയിരിക്കുന്നത് പ്രമേഹം, രക്താധിസമ്മർദ്ദം, ക്യാൻസർ, പക്ഷാഘാതം, ഹൃദ് രോഗങ്ങൾ എന്നിവയുമാണ് ഈ രോഗങ്ങളുടെ നിർണ്ണയത്തിനും നിയന്ത്രണത്തിനും ഉതകുന്ന പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ